കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്*

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

കെ.എസ്.എ.കെ.എൽ.എം.പി.7-1452/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
ചിന്നക്കട, കൊല്ലം.

ഫോൺ - 0474 2740141

ഇ-മെയിൽ - doklm.ksad@kerala.gov.in

തീയതി :05/12/2018

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.

പ്രസിഡന്റ്/ സെക്രട്ടറി മുഖേന

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത

ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3. ഓഫീസ് കോപ്പി

കെ.എസ്.എ/കെ.എൽ.എം/പി.7-1452/ 2018 തീയതി-05/12/2018

## കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ *തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18* സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 30.06.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.സജി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2018 മുതൽ 28.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.അനിൽ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി . സോണിയ.ജെ.സെബാസ്റ്റ്യൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷീബാകൃഷ്ണൻ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ദീപ.വി.എസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആശാ ചന്ദ്രൻ | 01.04.2017 മുതൽ 21.02.2018 വരെ |

| | | |
|---|---|---|
| | ശ്രീ.സുകു | 22-02-2018 മുതൽ 20-03-2018 വരെ |
| | ശ്രീമതി സുലോചന.ജെ | 21-03-2018 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ജ്യോതിസ്സ്.വി | 01.04.2017 മുതൽ 06.12.2017 വരെ |
| | ജയചന്ദ്രൻ നായർ.റ്റി | 07.12.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശോഭന.പി | 01.04.2017 മുതൽ 30.11.2017 വരെ |
| | തങ്കമ്മ.വി | 1-12-17മുതൽ 31-03-18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനുപമ | 01-04-17 മുതൽ 04.10.2017 വരെ |
| | ഷീല.എസ് | 05-10-17മുതൽ 31-03-18 വരെ |
| കൃഷി ഓഫീസർ | റജീന ജേക്കബ് | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ജിനി ആനന്ദ് | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ജെ.പി.റീന | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കോളിൻ.ബി . ഫെർണാണ്ടസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഹീരാ രത്നം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദിലീപ് ചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ജലീല ബീവി.എം | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പുഷ്പലത.എസ് | 01.04.2017 മുതൽ 31-03-18വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അനന്ദു സജി | 01.04.2017 മുതൽ 31.03.2018വരെ |
| | ഷീബ | 01.04.2017 മുതൽ 31.03.2018വരെ |
| | അജിത | 1-04-17മുതൽ 31-03-18 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥിരനിക്ഷേപം – കണക്കിൽ അപാകത | 2-1 |
| 14 | ഫണ്ട് വിനിയോഗം – നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-2 |
| 15 | ഇ ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയില്ല. | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 17 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |

| | | |
|---|---|---|
| 18 | വാടക വരുമാനം നഷ്ടമാകുന്നു. നടപടികളെടുക്കാതെ പഞ്ചായത്ത് തുടർച്ചയായി വാടക ഈടാക്കുന്നില്ല. | 2-6 |
| 19 | ഇ.എം.എസ്.ഭവനം – കൈപ്പറ്റിയ ധനസഹായം തിരിച്ചടച്ചതിലെ അവ്യക്തത | 2-7 |
| | ഭാഗം 3 | |
| 20 | കണക്ടിവിറ്റി ഇല്ലാത്ത റോഡിൽ ഇന്റർലോക്കിംഗ് നടത്തിയത് – സംബന്ധിച്ച് | 3-1 |
| 21 | സിമന്റ് കോൺക്രീറ്റിംഗ് പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് നിർമ്മാണ പ്രവർത്തനം നടത്തി | 3-2 |
| 22 | കണ്ണനല്ലൂർ മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 3-3 |
| 23 | കണ്ണനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം – പിഴ ഈടാക്കിയില്ല | 3-4 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി – 5,28,324/-രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 25 | ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്ന പദ്ധതികൾ ലക്ഷ്യം കണ്ടില്ല | 3-6 |
| 26 | കശുമാവിൻ തൈകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല -60,225/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 |
| 27 | മിനിട്രാക്ടർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. | 3-8 |

| | | |
|---|---|---|
| 28 | തെരുവു വിളക്കുകളുടെ വിശദവിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-9 |
| 29 | ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലെ മുൻഗണനയുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയിരിക്കുന്നു. | 3-10 |
| 30 | സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ വർഷത്തിൽ പൂർത്തിയാക്കിയില്ല. | 3-11 |
| 31 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതിയിൽ അപാകതകൾ - 8374445/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |
| 32 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ -9,19,866/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 |
| 33 | മരുന്നു വിതരണ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 3-14 |
| 34 | മഴക്കാലപൂർവ്വശുചീകരണത്തിനായി നൽകിയ മുൻകൂർ തുക ചെലവഴിക്കുകയോ ക്രമീകരിക്കുകയോ ചെയ്തില്ല. | 3-15 |
| 35 | എസ്.എൽ.ഐ.വിഹിതം അടവാക്കിയതിൽ കുറവായി അടവാക്കി. | 3-16 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ | 4-2 |

| | | |
|---|---|---|
| | തുകയുടെ വിവരങ്ങൾ | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം -1<br>ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21/3/2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 2.3.2018 തീയതിയിലെ 2(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് അപാകത ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| 31.07.2018 | 26.05.2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-2018 | 18.06.2018 മുതൽ 19.06.2018 വരെ | കെ.എസ്.എ.കെ.എൽ.എം. പി.7-1233/18,തീയതി.09.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,05,31,432 |
| വരവ് | 13,47,78,545 |
| ആകെ | 18,53,09,977 |
| ചെലവ് | 15,23,46,970 |
| നീക്കിയിരിപ്പ് | 3,29,63,007 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,63,35,271 | 2,63,35,271 | 2,63,35,271 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,04,03,583 | 1,04,03,583 | 1,04,03,583 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,04,82,817 | 1,04,82,817 | 1,04,82,817 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 55,68,472 | 55,68,472 | 55,68,472 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,67,26,477 | 1,67,26,477 | 1,67,26,477 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 47,76,007 | 47,76,007 | 47,76,007 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 1,998 | 80 | 2,078 | 0 | 2,078 |
| ദുരിതാശ്വാസനിധി | | 15,878 | 635 | 16,513 | 0 | 16,513 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 1,73,70,616 | 1,73,70,616 | 1,73,70,616 | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 65,835 | 6,56,208 | 7,22,043 | 7,10,926 | 11,117 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ : ശുചിത്വം | | 28,381 | 1,092 | 29,473 | 0 | 29,473 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : പെൻഷൻ | | 5,91,614 | 5,131 | 5,96,745 | 5,96,736 | 9 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : സുനാമി | | 3,303 | 122 | 3,425 | 0 | 3,425 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : സ്പോർട്ട്സ് | | 74,541 | 2,777 | 77,318 | 0 | 77,318 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : കുടിവെള്ളം | | 136 | 5 | 141 | 0 | 141 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : ഭവന നിർമ്മാണം | | 13,214 | 529 | 13,743 | 0 | 13,743 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 34,25,638 | 34,25,638 | 30,73,895 | 3,51,743 |
| | ജില്ലാ പഞ്ചായത്ത് | 0 | 16,81,109 | 16,81,109 | 15,26,598 | 1,54,511 |
| ബി ഫണ്ട് | | 0 | 11,03,200 | 11,03,200 | 11,03,200 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3,19,50,303 | 2,63,15,193 | 5,82,65,496 | 2,91,51,727 | 2,91,13,769 |
| | ട്രഷറി അക്കൗണ്ട് | 1,77,86,229 | 2,68,45,948 | 4,46,32,177 | 4,27,39,512 | 18,92,665 |
| മറ്റിനം (ക്യാഷ്) | | 0 | 6,48,251 | 6,48,251 | 6,48,251 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 133883318 | 171 | 94304419 | 42 | 10 | 70.46 |
| | 6615339 (പ്ലാൻ) | | 52790143 (പ്ലാൻ) | | | 79.79 |

## പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 65,835 | 6,56,208 | 7,22,043 | 7,10,926 | 11,117 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,66,59,690 | 1,66,59,690 | 1,66,59,690 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,50,200 | 419 |
| കർഷക തൊഴിലാളി പെൻഷൻ | 36,41,200 | 316 |
| വിധവാ പെൻഷൻ | 2,92,83,500 | 2,867 |
| വാർദ്ധക്യകാല പെൻഷൻ | 3,59,21,100 | 3,061 |
| വികലാംഗ പെൻഷൻ | 1,02,88,500 | 899 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

21,083/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

1.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

2.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

3.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

4.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

5.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6.വസ്തുനികുതി, ഡി.&ഒ.ലൈസൻസ് ഫീ, മാർക്കറ്റുവരവുകൾ എന്നീയിനങ്ങളിൽ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

7.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂ ചെലവെന്നും

വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

8.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.07.2018 & 16.07.2018 | ഏപ്രിൽ-2018 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.12.2017 മുതൽ 21.12.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.02.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. കാനറ ബാങ്ക് പെൻഷൻ അക്കൗണ്ട് നം. 999101003943-ൽ നിന്നും 21.04.2017-ൽ 5,91,614-രൂപയും 17.05.2017-ൽ 5,122രൂപയുമുൾപ്പടെ 5,96,736/-രൂപ ബാങ്ക് കുറവ് വരുത്തി. ഈ തുക 240700101 എന്ന ഹെഡ്ഡിൽ ബാങ്ക് ചാർജ്ജ് ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത്. തിരികെ കിട്ടേണ്ട തുക ബാലൻസ് ഷീറ്റിൽ അസറ്റായി കണക്കാക്കിയിട്ടില്ല.
2. സിവറേജ് ഡ്രെയിനേജ് (411310101) എന്ന ഇനത്തിന് തൻവർഷം ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. 2015-16 വർഷം സ്കൂൾ മെയിന്റനൻസ് ഇനത്തിലുള്ള ചെലവ് തെറ്റായി ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കണക്കാക്കിയിരിക്കുന്നു.
4. ഗുണഭോക്തൃ വിഹിതം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ ചെലവ് 3414778 രൂപയും എ.എഫ്.എസ്. പ്രകാരം (160300206) - 3413978 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഷെഡ്യൂൾ I-16-ൽ ഉൾപ്പെടുത്തിയിട്ടില്ല.
6. കെട്ടിട നികുതി സാംഖ്യ സഞ്ചയ കണക്കുകളിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥിരനിക്ഷേപം-കണക്കിൽ അപാകത

സ്ഥിരനിക്ഷേപം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 1,04,34,555/-രൂപയുടെ സ്ഥിരനിക്ഷേപമാണ് തൻവർഷം നീക്കിയിരിപ്പുള്ളത്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 1,03,81,960/- രൂപയാണ്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 66,095/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ വാർഷിക കണക്കു പ്രകാരം തൻവർഷം മുന്നിരിപ്പായെടുത്തിരിക്കുന്നത് 13,500/- രൂപയാണ്. 52,595/- രൂപ കുറവ്. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിലോ ഒന്നും തന്നെ ആ വർഷത്തെ നീക്കിയിരിപ്പ് സംബന്ധിച്ച് യാതൊന്നും പരാമർശിക്കാതെയാണ് വാർഷിക കണക്കിൽ ഈ മാറ്റം വരുത്തിയിട്ടുള്ളത്.

### 2-2 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 1,85,60,465/-രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2,96,65,000 | 2,63,35,271 | 88.78 | 33,29,729 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി.) | 1,28,07,000 | 1,04,03,583 | 81.23 | 24,03,417 |
| സംരക്ഷണ ഗ്രാന്റ് | 2,36,24,339 | 1,60,51,289 | 67.94 | 75,73,050 |
| 13-ാം ധനകാര്യ കമ്മീഷൻ | 2,15,73,024 | 16726477 | 77.53 | 4846547 |
| ലോകബാങ്ക് സഹായം | 51,83,729 | 47,76,007 | 92 | 4,07,722 |
| ആകെ | 9,28,53,092 | 7,42,92,627 | 80 | 1,85,60,465 |

ഉത്പാദന മേഖലകളിൽ അംഗീകാരം ലഭിച്ച തെങ്ങിന് പച്ചക്കറി കൃഷി, വാഴകൃഷി, കേടായ തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വെയ്ക്കൽ, ജാതിത്തൈവിതരണം, പെണ്ണാട്ടുവിതരണം, സമഗ്ര കന്നുകാലി ഇൻഷ്വറൻസ്, എരുമക്കിടാരി വിതരണം, കറവപ്പശുവിതരണം എന്നീ പ്രോജക്ടുകളിൽ വിഭാവനം ചെയ്തിരുന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വീടുനിർമ്മിക്കുന്നതിനായി വസ്തു വാങ്ങൽ, അംഗൻവാടിയ്ക്ക് വസ്തുവാങ്ങൽ , ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നിവയും പൂർണ്ണതോതിൽ നടപ്പാക്കാൻകഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമാകുമായിരുന്ന തുകയാണ് പാഴായി പോയത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വൻതുക തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പാഴായിപ്പോയത്. ഓഡിറ്റിലെ കണ്ടെത്തലുകൾ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി വിടുന്നു.

## 2-3 ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ

വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 1,04,600/- രൂപയും ജി.എസ്.ടി. 12,552/- രൂപയും ഉൾപ്പടെ 1,17,152/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനും നികുതി സർക്കാർ ഫണ്ടിൽ യഥാസമയം ഒടുക്കു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെചേർക്കുന്ന സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഈടാക്കേണ്ട കാലയളവ് | |
|---|---|---|
| | ഒന്നാം പാദം | രണ്ടാം പാദം |
| ക്വയിലോൺ എന്റർപ്രൈസസ് തഴുത്തല | - | രണ്ടാം പാദം |
| ഷാൻ ആഡിറ്റോറിയം വടക്കേമുക്ക്, കണ്ണനല്ലൂർ | - | രണ്ടാം പാദം |
| എസ്.ബി.ഐ,കണ്ണനല്ലൂർ | | രണ്ടാം പാദം |
| സ്നേഹ എന്റർപ്രൈസസ്, മുഖത്തല | | രണ്ടാം പാദം |
| ടി.കെ.വുഡ്സ്, മൈലാപ്പൂർ | ഒന്നാം പാദം | |

മേൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ആദ്യ മറുപടിയോടൊപ്പം തന്നെ ഹാജരാക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെചേർക്കുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഈടാക്കേണ്ട കാലയളവ് | |
|---|---|---|
| | ഒന്നാം പാദം | രണ്ടാം പാദം |
| ചന്ദ്രസേനാ മെമ്മോറിയൽ ഹോസ്പിറ്റൽ,തഴുത്തല | ഒന്നാം പാദം | രണ്ടാം പാദം |
| ക്വയിലോൺ എന്റർപ്രൈസസ്, തഴുത്തല | - | രണ്ടാം പാദം |
| അസി.എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി | ഒന്നാം പാദം | രണ്ടാം പാദം |
| ഷാൻ ആഡിറ്റോറിയം വടക്കേമുക്ക്, കണ്ണനല്ലൂർ | | രണ്ടാം പാദം |
| പാർലെ പ്രൊഡക്ട്സ് പ്രൈ ലിമിറ്റഡ് ആലപ്പാട് ബ്രദേഴ്സ് തഴുത്തല, കണ്ണനല്ലൂർ | ഒന്നാം പാദം | രണ്ടാം പാദം |
| നിപ്പോൺ ടൊയോട്ട നിപ്പോൺ മോട്ടോർ കോർപ്പറേഷൻ | ഒന്നാം പാദം | രണ്ടാം പാദം |
| കിംഗ്സ് സ്കൂൾ , കൊല്ലം | | രണ്ടാം പാദം |
| താജ് സൂപ്പർമാർക്കറ്റ്, മൈലാപ്പൂർ | ഒന്നാം പാദം | രണ്ടാം പാദം |
| അൽ ഷിഫാ ഹോസ്പിറ്റൽ, കണ്ണനല്ലൂർ | ഒന്നാം പാദം | രണ്ടാം പാദം |
| എസ്.ബി.ഐ. കണ്ണനല്ലൂർ | | രണ്ടാം പാദം |
| ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഉമയനല്ലൂർ | ഒന്നാം പാദം | രണ്ടാം പാദം |

| | | |
|---|---|---|
| ഇൻഡ്യൻ പബ്ലിക്ക് സ്കൂൾ, കിഴവൂർ | | രണ്ടാം പാദം |
| മണപ്പുറം ഫിനാൻസ്, കണ്ണനല്ലൂർ | | രണ്ടാം പാദം |
| നാഷണൽ പബ്ലിക്ക് സ്കൂൾ, തഴുത്തല | ഒന്നാം പാദം | രണ്ടാം പാദം |
| സ്നേഹാ എന്റർപ്രൈസസ്, സ്നേഹതീരം, മുഖത്തല | | രണ്ടാം പാദം |
| അൻസാരി സാ മിൽസ്, പേരയം | ഒന്നാം പാദം | രണ്ടാം പാദം |
| ടി.കെ.വുഡ്സ്, മൈലാപ്പൂർ | ഒന്നാം പാദം | രണ്ടാം പാദം |
| ബി.ആർ.ഡി സെക്യൂരിറ്റീസ് ലിമിറ്റഡ്, തൃക്കോവിൽവട്ടം | ഒന്നാം പാദം | രണ്ടാം പാദം |
| പീസ് പബ്ലിക്ക് സ്കൂൾ, കൊല്ലം | ഒന്നാം പാദം | രണ്ടാം പാദം |
| സെന്റ്. ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കണ്ണനല്ലൂർ | | രണ്ടാം പാദം |

മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## **2-6** <u>വാടക വരുമാനം നഷ്ടമാകുന്നു.നടപടികളെടുക്കാതെ പഞ്ചായത്ത് തുടർച്ചയായി വാടക ഈടാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്റ്റാളുകളിൽനിന്നും വാടക ഈടാക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നം. | വാടകയ്ക്കെടുത്ത വ്യക്തി | കുടിശ്ശിക തുക | |
|---|---|---|---|
| | | 2016-17 | 2017-18 |

| | | | |
|---|---|---|---|
| കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-4 | ഹയറുന്നിസ്സ<br>അക്ബൽ മൻസിൽ | - | 840x8= 6,720 |
| കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-5 | ഷീജ<br>ലെനിൻ കോളനി | 550x8= 4,400 | 578x12= 6,936 |
| കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-6 | സുഹർബാൻ<br>തൊടിയിൽ പുത്തൻവീട് | 550x8= 4,400 | 578x12= 6,936 |
| കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-7 | പി.ബേബി<br>കൃപാലയം, ചേരിക്കോണം | - | 525x12= 6,300 |
| കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-8 | സുജാത<br>പ്ലാവറ പുത്തൻവീട് | 500x8= 4,000 | 525x12= 6,300 |
| | ആകെ | 12,800/- | 33,192/- |

2016-17 ലെ വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് ടി വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നാളിതുവരെ വാടക ഇനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ടി വിവരങ്ങൾ കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.12/25.07.2018) ടി കടമുറികളിൽ പ്ളംബിംഗ്, ഇലക്ട്രിഫിക്കേഷൻ, ടോയ്ലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പ്രവർത്തനം നടക്കുന്നില്ലായെന്നും വാടക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നുമാണ് മറുപടി തന്നിരിക്കുന്നത്.

പ്രസ്തുത കടമുറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തലസൗകര്യമൊരുക്കി വാടക ഈടാക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനുണ്ടായിരുന്നു. വാടകയിനത്തിലുള്ള കുടിശ്ശികയായ 45,992/-രൂപ പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഇ.എം.എസ്.ഭവനം- കൈപ്പറ്റിയ ധനസഹായം തിരിച്ചടച്ചതിൽ അവ്യക്തത

2009-10 വർഷത്തെ വസ്തുവാങ്ങൽ പദ്ധതിയുടെ ഭാഗമായി 75,000/- രൂപയും 2010-11 വർഷത്തെ ഭവനനിർമ്മാണം പദ്ധതിയുടെ ഭാഗമായി 1,62,500/-രൂപയും ധനസഹായം കൈപ്പറ്റിയ ശ്രീ.പത്മാകരൻ, പ്ലാവറ പുത്തൻവീട് എന്ന വ്യക്തി കടബാധ്യത ഒഴിവാക്കുവാനായി ഇ.എം.എസ് ഭവനപദ്ധതി പ്രകാരം നിർമ്മിച്ച വീട് വിൽക്കുവാൻ വേണ്ടി 12 വർഷത്തേയ്ക്ക് വിൽക്കുവാൻ പാടില്ലെന്ന ബാധ്യത ഒഴിവാക്കി നൽകുവാൻ വേണ്ടി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് അയക്കുകയും 30-12-16 ലെ

309/ഡിബി1/16/തസ്വഭവ കത്തിൻ പ്രകാരം 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പ് വരുത്തിയ ശേഷം പത്മാകരന്റെ പേരിൽ രജിസ്റ്റർ ചെയ്ത കരാർപത്രം റദ്ദ് ചെയ്യാവുന്നതാണെന്നും കൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗരേഖ അനുശാസിക്കും പ്രകാരം ഭാവിയിൽ മറ്റ് ഭവനനിർമ്മാണആനുകൂല്യങ്ങളൊന്നും ലഭ്യമാക്കുകയില്ലായെന്നുമുള്ള നിബന്ധനയിൻമേൽ ടിയാൻ പലിശസഹിതം 3,90,171/-രൂപ (10-1-17ലെ 11601400035 , 11601108087) അടവാക്കി. ടി തുക ഇ.എം.എസ്. ഹൗസിംഗ് ലോൺ അക്കൗണ്ടിലേയ്ക്കാണ് അടവാക്കിയത്. (ചെക്ക് നം.067938 തീയതി.14-07-17).

വസ്തുവാങ്ങൽ പദ്ധതിക്ക്(ജനറൽ)(2009-10) വേണ്ടി വകയിരുത്തിയിരുന്ന ഫണ്ടിനം ഏതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.7/17-18 തീയതി.24-07-18) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കും സെക്രട്ടറിക്കും നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.തനത് ഫണ്ടിൽ നിന്നാണ് ടി പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടുള്ളതെങ്കിൽ പലിശ സഹിതം തുക തനത്ഫണ്ടിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ ആദ്യമറുപടിയിൽത്തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കണക്ടിവിറ്റി ഇല്ലാത്ത റോഡിൽ ഇന്റർലോക്കിംഗ് നടത്തിയത് സംബന്ധിച്ച്

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ റോഡുകളിൽ ഇന്റർലോക്കിംഗ് നടത്തിയതിന് മെയിന്റനൻസ് ഫണ്ടിൽനിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഏതാനും സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്കുള്ള റോഡുകളിലാണ് പ്രസ്തുത ഇന്റർലോക്കിംഗ് നടത്തിയിട്ടുള്ളതെന്നും റോഡ് കണക്ടിവിറ്റി ഇല്ലാത്ത റോഡുകളാണിവയെന്നും ബോധ്യപ്പെട്ടിട്ടുണ്ട് (സ്ഥല പരിശോധന റിപ്പോർട്ട് തീയതി 26.7.2018). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നം./പേര് | ചെലവഴിച്ച | ബിൽ നം. |
|---|---|---|---|

| നം. | | തുക | |
|---|---|---|---|
| 1. | 119/18-നിയർ നോർത്ത് സൈഡ് ഓഫ് ലൈബ്രറി-ചിറ റോഡ് ഇന്റർലോക്കിംഗ് | 2,95,822 | 72/3.3.2018 |
| 2. | 147/18-പേക്കാട്ട് -ഇറ റോഡ് ഇന്റർലോക്കിംഗ് | 1,67,283 | 102/23.3.2018 |
| 3. | 118/18- ഡീസന്റ് ജം.-ചിറ റോഡ് ഇന്റർലോക്കിംഗ് | 4,24,490 | 83/9.3.2018 |
| 4. | 86/18- സ്കൂൾ ജം.-മേലേപ്പുര റോഡ് ഇന്റർലോക്കിംഗ് | 1,88,503 | 53/27.1.2018 |

ഒരു വശത്തേയ്ക്കു മാത്രമാണ് റോഡ് കണക്റ്റിവിറ്റി ഉള്ളതെന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതുകൊണ്ടും ഗ്രാമസഭാലിസ്റ്റിലെ മുൻഗണന ഉള്ളതുകൊണ്ടും മാത്രമാണ് ടി പ്രവൃത്തികൾ ചെയ്തതെന്നുമാണ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ടി റോഡുകളെല്ലാംതന്നെ സ്വകാര്യ വ്യക്തികളുടെ വീടുകൾക്കുമുന്നിൽ അവസാനിക്കുന്നവയാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗ്രാമസഭാ ലിസ്റ്റിൽ മുൻഗണന ലഭിക്കുകയും ചെയ്തു എന്ന കാരണത്താൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അംഗീകരിക്കാൻ കഴിയില്ല. പഞ്ചായത്തുസമിതി ഈ വിഷയത്തിൽ ഉചിതമായ നടപടിയെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/27.7.2018

## 3-2 സിമന്റ് കോൺക്രീറ്റിംഗ്- പ്രോജക്റ്റ് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് നിർമ്മാണ പ്രവർത്തനം നടത്തി.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ചെയ്ത " നിയർ നോർത്ത് സൈഡ് ഓഫ് ലൈബ്രറി - ചിറ റോഡ് ഇന്റർ ലോക്കിംഗ്" (പ്രോജക്റ്റ് നം.119/18) എന്ന പ്രവൃത്തിയിലുൾപ്പെടുത്തി 153 മീറ്റർ

നീളത്തിൽ 16.725 ക്യൂബിക് മീറ്റർ സിമന്റ് കോൺക്രീറ്റ് 1:2:4 റേഷ്യോയിൽ ചെയ്തതിന് 8330.37/- നിരക്കിൽ 1,39,325/- രൂപ റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്നും ബിൽ നം.72/3.3.2018 മുഖേന കരാറുകാരൻ ശ്രീ.സജിത് വർഗ്ഗീസിന് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ പ്രകാരം ഇന്റർലോക്കിംഗിന് വേണ്ടി മാത്രമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സിമന്റ് കോൺക്രീറ്റിംഗ് നടത്തിയിരിക്കുന്നത് പ്രോജക്ട് റിപ്പോർട്ടിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ പരാമർശിക്കാത്ത റോഡിലാണ്. പ്രോജക്ട് റിപ്പോർട്ടിൽ പറയുന്ന റോഡിൽ ഇന്റർലോക്കിംഗ് ചെയ്തതിന് പുറമേ സമീപത്തുള്ള മറ്റൊരു റോഡിൽ അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ടി സിമന്റ് കോൺക്രീറ്റിംഗ് നടത്തുകയാണ് ചെയ്തത്. കൂടാതെ സ്ഥലപരിശോധനയിൽ പ്രസ്തുത റോഡിന്റെ ഭൂരിഭാഗം സ്ഥലത്തും 1:2:4 റേഷ്യോയിൽ സിമന്റ് കോൺക്രീറ്റിംഗ് നടത്തിയത് മതിയായ ക്യൂറിംഗ് നടത്താതെയും ആവശ്യമായ ഫിനിഷിംഗ് ഇല്ലാതെയുമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് , പ്രസ്തുത റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും "പ്രൈസ്" സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും മരച്ചില്ലകളിൽനിന്നും വെള്ളം വീണ് ഫിനിഷിംഗ് പോയതാണെന്നുമാണ് വിശദീകരണം ലഭിച്ചിരിക്കുന്നത്. സാങ്കേതികാനുമതി ലഭിച്ചതുകൊണ്ടുമാത്രം അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ചു നടത്തിയ നിർമ്മാണ പ്രവർത്തനം അംഗീകരിക്കാൻ കഴിയില്ല. ഈ പരാമർശം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് മേൽനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 18/27.7.18

സ്ഥലപരിശോധന – 26.7.18

## 3-3 കണ്ണനല്ലൂർ മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട്

നം.64/18 പ്രകാരം കണ്ണനല്ലൂർ മാർക്കറ്റിൽ 600kg/day ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് (Fixed dome type biogas plant) സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ എക്സി. ഡയറക്ടറുടെ സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി(നം.1947/സി6/13/എസ്.എം, തീയതി 15.12.2017). പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി 5.1.2018-ൽ ഏർപ്പെട്ട കരാർ പ്രകാരം മുൻകൂറായി 3,00,000/- രൂപയും തുടർന്ന് രണ്ടുഗഡുക്കളായി 10,00,000/- രൂപയും ഉൾപ്പടെ ആകെ തൻവർഷം 13,00,000/- രൂപ നൽകിയിട്ടുണ്ട്. കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തുക നൽകുന്നതിന് മുന്നോടിയായി, ചെയ്ത പ്രവൃത്തിയുടെ അളവുകൾ സൂപ്പർവിഷൻ നടത്തി വാലുവേഷൻ ചെക്ക് മെഷർ ചെയ്തിട്ടുണ്ടെങ്കിലും ആയത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ സാങ്കേതികാനുമതി രേഖയിൽ വ്യവസ്ഥ ചെയ്ത പ്രകാരം പദ്ധതി നടപ്പാക്കുന്നത് ജില്ലാ ശുചിത്വ മിഷൻ മോണിറ്റർ ചെയ്തതായി കാണുന്നില്ല. കരാർ പ്രകാരം മൂന്നുമാസത്തെ കാലാവധിയുള്ള പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടുമില്ല. പദ്ധതി പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. പദ്ധതി പൂർത്തിയാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-4 കണ്ണനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ കണ്ണനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് (പ്രോജക്റ്റ് നം.61/18) എന്ന പ്രവൃത്തിയ്ക്കായി മെയിന്റനൻസ് ഫണ്ടിൽനിന്നും(റോഡിതരം) ബിൽ നം.18/29.6.2017, ബിൽ നം.111/28.3.2018 എന്നിവ മുഖേന 22,09,795/- രൂപ ചെലവഴിച്ചിട്ടുണ്ട്. 22.2.2017-ന് കരാർവെച്ച് സൈറ്റ് കൈമാറിയ പ്രവൃത്തി 21.5.2017-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 28.9.2017- ന് ആണ്. കേരളാ

പൊതുമരാമത്തു വകുപ്പ് മാന്വൽ (2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ.അജയകുമാർ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടിനൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയായ 20,98,008/- രൂപയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ 23.5.2017മുതൽ 28.9.2017 വരെ = 18

ഈടാക്കേണ്ട ലിക്വഡേറ്റഡ് ഡാമേജ് = 2098008x0.1%x18= 37,764/- രൂപ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/23.7.2018-ന്, ഫൈൻ ഈടാക്കാൻ വിട്ടുപോയതാണെന്നും കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫൈൻ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി-5,28,324/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 100 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം ) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 60/18 | 22/17-18/28.2.18 | 6,25,000 |

| | | |
|---|---|---|
| | ആകെ | 6,25,000/- |

ജനറൽ വിഭാഗത്തിലെ 100 ഗുണഭോക്താക്കളുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷൂർ ചെയ്ത് തീറ്റ ലഭ്യമാക്കാനാണ് തുക ഒട്ടുക്കവരുത്തിയിട്ടുള്ളത്. തൃക്കോവിൽവട്ടം, ചെറിയേല,കണ്ണനല്ലൂർ ക്ഷീരസംഘങ്ങളെ കാലിത്തീറ്റ വിതരണം ഏൽപ്പിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 17.1.18 ലെ 1 (18) നം തീരുമാനത്തിന്റെ വിശദാംശങ്ങൾ , ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ, 96,676/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (27/07 /2018ലെ കണക്ക് പ്രകാരം) എന്നിവ ഹാജരാക്കിയിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിക്കാൻ ശേഷിക്കുന്ന 5,28,324/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്ന പദ്ധതികൾ ലക്ഷ്യം കണ്ടില്ല

2017-18 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ പദ്ധതി ലക്ഷ്യം പൂർണ്ണമായതായി കാണുന്നില്ല.

| പ്രോജക്ട് | അടങ്കൽ | ചെലവു തുക | വിതരണം ചെയ്യാൻ ഉദ്ദേശിച്ച യൂണിറ്റുകളുടെ എണ്ണം | വിതരണം ചെയ്ത യൂണിറ്റുകളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| ജാതിത്തൈ വിതരണം (പ്രോജക്ട് നം -144/18) | 132000 | 24300 | 440 | 81 | 18 |
| പച്ചക്കറിക്കൃഷി (പ്രോജക്ട് നം-140/18) | 391500 | 137750 | 270 | 95 | 35 |

| | | | | | |
|---|---|---|---|---|---|
| വാഴക്കൃഷി (പ്രോജക്ട് നം -141/18) | 243800 | 78420 | 4600 | 2940 | 64 |
| കേടായ തെങ്ങു മുറിച്ചു മാറ്റി പുതിയതൈ വയ്ക്കൽ (പ്രോജക്ട് നം- 142/18) | 516200 | 387693 | 890 | 747 | 84 |
| നെൽക്കൃഷി വികസനം (പ്രോജക്ട് നം -137/18) | 1788000 | 784457 | 40 ഹെക്ടർ | 30.376 ഹെക്ടർ | 76 |
| പെണ്ണാട് വിതരണം- ജനറൽ (പ്രോജക്ട് നം-21/18) | 2304000 | 1524000 | 192 യൂണിറ്റ് (384എണ്ണം) | 127യൂണിറ്റ് (254എണ്ണം) | 66 |
| സമഗ്ര കന്നുകാലി ഇൻഷ്വറൻസ് (പ്രോജക്ട് നം-18/18) | 300000 | 22500 | 400 | 30 | 7.5 |
| എരുമ കിടാരി വിതരണം- എസ്.സി (പ്രോജക്ട് നം-125/18) | 690000 | 190000 | 69 | 19 | 28 |
| പെണ്ണാട് വിതരണം- എസ്.സി (പ്രോജക്ട് നം-126/18) | 745500 | 525000 | 71 | 50 | 70 |
| കറവപ്പശു വിതരണം- | 1375000 | 625000 | 55 | 25 | 45 |

| | | | | | |
|---|---|---|---|---|---|
| ജനറൽ (പ്രോജക്റ്റ് നം-125/18) | | | | | |
| കറവപ്പശു വിതരണം- എസ്.സി (പ്രോജക്റ്റ് നം-124/18) | 690000 | 270000 | 23 | 9 | 39 |

എൻക്വയറിക്ക് ഗുണഭോക്തൃ ലിസ്റ്റിലുള്ളവർ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറാകാത്തതു മൂലമാണ് പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തത് എന്നാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചത്.ലിസ്റ്റിലെ ആദ്യ പേരുകാർക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ ആനുകൂല്യം ആവശ്യമില്ലെന്നും തുടർന്നുള്ളവർക്ക് നൽകേണ്ടതാണെന്നും അതാത് വാർഡ് മെമ്പർമാർ അറിയിയിക്കുന്ന കത്തുകൾ പദ്ധതി നിർവഹണത്തിന്റെ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം ആവശ്യമില്ലെന്നുള്ള ഗുണഭോക്താവിന്റെ രേഖാമൂലമുള്ള അറിയിപ്പ് ഫയലുകളിൽ ഇല്ല. പദ്ധതി നിർവഹണത്തിന്റെ ചർച്ചകൾക്ക് ആദ്യ പാദങ്ങളിൽത്തന്നെ, കുറഞ്ഞ ചെലവു ശതമാനം സംബന്ധിച്ച ചർച്ചകൾക്ക് ശേഷം മുൻഗണനാക്രമം പാലിക്കാതെ , ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ തയ്യാറായവരെ ഉൾപ്പെടുത്തി പദ്ധതി നിർവഹണം പൂർത്തിയാക്കാൻ നിർവഹണ ഉദ്യോഗസ്ഥരെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇത്തരം പദ്ധതികളിൽ സാമ്പത്തിക വിഹിതം അടയ്ക്കാൻ സന്നദ്ധതയുള്ളവരെ ഉൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാനും നടപടി ക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -4/23.7.18

## 3-7 കശുമാവിൻ തൈകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല ; 60,225/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - കശുമാവ് കൃഷി

പ്രോജക്ട് നം - 154/18

അടങ്കൽ

വികസന ഫണ്ട്(പൊതുവിഭാഗം) -92,000/-രൂപ

ചെലവ് - 91,250/-രൂപ

ബിൽ നം - 4/17-18;19.01.2018

നിർവഹണം - കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്തിലെ തരിശു പ്രദേശങ്ങളിലും പൊതുസ്ഥലങ്ങളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിത്തൊഴിലാളികളുടെ സഹകരണത്തോടെ കശുമാവിൻതൈകൾ നട്ടുപിടിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഓരോ വാർഡുകളിലും സംരക്ഷണ സമിതികൾ രൂപീകരിക്കുകയും കൺവീനർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 17.02.2018ൽ 2500തൈകളുടെ വിലയായി തൈ ഒന്നിന് 36.5/-രൂപ നിരക്കിൽ 91250/-രൂപ നൽകിയെങ്കിലും 26.06.2018ൽ 850 തൈകൾ മാത്രമാണ് കോർപ്പറേഷൻ ലഭ്യമാക്കിയത്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കാലാവസ്ഥാവ്യതിയാനം മൂലമുണ്ടായ പ്രശ്നങ്ങൾ കാരണമാണ് തൈവിതരണം താമസിക്കുന്നതെന്നും ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ വിതരണം പൂർത്തിയാക്കേണ്ടിയിരുന്ന ഗ്രാഫ്റ്റുകൾ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നും വ്യക്തമാക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെ കത്തും കൃഷി ഓഫീസർ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൈകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ കിട്ടാനുള്ള ഗ്രാഫ്റ്റുകളുടെ വിലയായ 60225/-രൂപ (1650 x 36.5) രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിച്ച് തടസ്സപ്പെടുത്തിയ തുകയുടെ വിനയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/23.7.2018

### 3-8 മിനി ട്രാക്ടർ -രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല

പ്രോജക്ട് - യന്ത്രങ്ങൾ വാങ്ങൽ

പ്രോജക്ട്നം - 158/18

അടങ്കൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 4,10,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 3,10,000/-രൂപ

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) – 80,000/-രൂപ

ആകെ - 8,00,000/-രൂപ

ചെലവ് - 4,77,236/-രൂപ

ബിൽ നം-16/17-18;27.03.18(വികസന ഫണ്ട്-2,75,000/- ജില്ലാ പഞ്ചായത്ത് വിഹിതം-1,54,511/-രൂപ ഗുണഭോക്തൃ വിഹിതം- 47,725/-രൂപ)

നിർവഹണം-കൃഷി ഓഫീസർ

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ പാടശേഖര സമിതികളുടെ ഉപയോഗത്തിന് മിനിട്രാക്ടറും നടീൽയന്ത്രവും വാങ്ങാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിന് മുഖത്തലയിലെ കിഴവൂർ ഏലാ വികസന സമിതി സന്നദ്ധമാകുകയും 19.03.2018 ലെ KLM/QT/306/17-18 നം ഇൻവോയ്സ് പ്രകാരം വി.എസ്.ടി മിസ്തുബിഷി ശക്തി എന്ന മോഡൽ മിനിട്രാക്ടർ വാങ്ങുകയും ചെയ്തു. ഏലാ വികസന സമിതി സെക്രട്ടറി കൃഷിഓഫീസറുമായി 20.03.2018ൽ കരാറിലേർപ്പെടുകയും 31.03.2018ൽ ട്രാക്ടർ കൈപ്പറ്റുകയും ചെയ്തു.

ട്രാക്ടറിന്റെ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 17.05.2018ൽ ആർ.ടി.ഒയ്ക്ക് അയച്ച കത്തിൽ കൃഷിഓഫീസർ ആവശ്യപ്പെട്ടെങ്കിലും തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. 26.07.2018ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഏലാസമിതി സെക്രട്ടറിയുടെ വീട്ടിൽ ട്രാക്ടർ സൂക്ഷിക്കുന്നതായി ബോധ്യപ്പെട്ടു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രം ഡ്രൈവിംഗ് പരിശീലനം ആരംഭിക്കുമെന്ന് കൃഷിഓഫീസറുമായി ഏർപ്പെട്ട കരാറിൽ റെയ്ഡ്കോ വ്യക്തമാക്കിയിട്ടുണ്ട്.

രജിസ്ട്രേഷനുള്ള നടപടികൾ ത്വരിതപ്പെടുത്താനും വാഹനം ഉപയുക്തമാക്കാനുമുള്ള പ്രവർത്തനങ്ങൾ കൈക്കൊള്ളുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 തെരുവു വിളക്കുകളുടെ വിശദ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പുതിയ തെരുവു വിളക്ക് വാങ്ങൽ (പ്രോജക്ട് നം-212/18) പദ്ധതിയിൽ ഉൾപ്പെടുത്തി 1071 എൽ.ഇ.ഡി ബൾബുകൾ വാങ്ങിയിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇവ സ്ഥാപിച്ചതായി കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 25.07.2018 ൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 598 എൽ.ഇ.ഡി ബൾബുകളാണ് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളത്. 60 വാട്ടിന്റെ 143 ഓർഡിനറി ബൾബുകളും 40വാട്ടിന്റെ 593 ഓർഡിനറി ബൾബുകളും ഈ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്.

വർഷങ്ങളായി ഓർഡിനറി ബൾബുകൾ വാങ്ങുകയോ അറ്റകുറ്റപ്പണി ചെയ്യുകയോ ചെയ്തിട്ടില്ല.ഊർജ്ജക്ഷമത കുറഞ്ഞ ഇത്തരം ബൾബുകൾ ഒഴിവാക്കാനാണ് എൽ.ഇ.ഡി ബൾബുകളും ഫ്ലൂറസെന്റ് ബൾബുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കു വരുത്തുന്ന

ുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല. ബൾബുകളുടെ വിശദ വിവരങ്ങളടങ്ങിയ തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-10 ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലെ മുൻഗണനയുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയിരിക്കുന്നു.

പ്രോജക്റ്റ് നം. : 200/18, ബിൽ നം. 15/13.3.18 -248390(നം.21/28.3.18)

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ചെലവ്: 2,93,100/-രൂപ

ബിൽ നം. : 15/13.3.2018=2,48,390/-രൂപ

ബിൽ നം : 21/28.3.2018=44,710/-രൂപ

എസ്.സി. വിദ്യാർത്ഥികൾക്കായി മേശയും കസേരയും വിതരണം നടത്തുന്നതിനുള്ള പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനയുള്ള +1, +2 വിദ്യാർത്ഥികളെ ഒഴിവാക്കി 1- ാം ക്ലാസ്സ് മുതൽ 10 - ാം ക്ലാസ്സ് വരെ പഠിക്കുന്നവർക്ക് മാത്രം നൽകിയിരിക്കുന്നു. ഉദാ: വാർഡ് V& IX. 1- ാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹതയുള്ളപ്പോൾ +1, +2 വിദ്യാർത്ഥികളെ ഒഴിവാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് 1- ാം ക്ലാസ്സ് മുതൽ 10 - ാം ക്ലാസ്സ് വരെയുള്ളവർക്ക് പഠനോപകരണം വിതരണം നടത്തിയത് എന്ന മറുപടി ലഭ്യമാക്കി. (29/1/18 പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നമ്പർ1(17)). എന്നാൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലെ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമില്ല.

പദ്ധതി നടപ്പിലാക്കുമ്പോൾ ആയതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പദ്ധതി വിവരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി +1, +2 വിദ്യാർത്ഥികളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.- 5/23/7/18

**3-11** സ്പിൽഓവർ പ്രോജക്ട് സ്പിൽഓവർ വർഷത്തിൽ പൂർത്തിയാക്കിയില്ല

സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ വർഷത്തിൽ തന്നെ പൂർത്തിയാക്കണമെന്ന് സർക്കാർ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 72/17 ത.സ്വ.ഭ.വ. തീ.29.3.2017 ഖണ്ഡിക 6.8(2)-ൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പ്രവർത്തികൾ സ്പിൽഓവറായി 2018-19 ലും തുടരുന്നു.

| പദ്ധതിയുടെ പേര് | പ്രോജക്ട് നംപർ | വർഷം | ഫണ്ട് വിവരം/തുക | നടപ്പിലാക്കിയ പ്രവർത്തി വിവരം |
|---|---|---|---|---|
| തോപ്പിൽ കോളനി റോഡ് കോൺക്രീറ്റ്, സൈഡ് വാൾ, കൾവർട്ട് നിർമ്മാണം | 119/17 | 2016-17 | വികസന ഫണ്ട് 700000/- | കോൺട്രാക്റ്റർ പ്രവർത്തി നടപ്പിലാക്കിയില്ല |
| തോപ്പിൽ കോളനി റോഡ് കോൺക്രീറ്റ്, സൈഡ് വാൾ, കൾവർട്ട് നിർമ്മാണം | 38/18 | 2017-18 | തനത് ഫണ്ട് 700000/- | 79225/-ചെലവഴിച്ചു. (CCI&പാർട്ട് ബിൽ പ്രകാരം 4.3.2സെൻ്ററിംഗ് ഷെഡ്ഡറിംഗ്, 1.3.6 സിമന്റ് കോൺക്രീറ്റ് എന്നിവ നടത്തി) |
| തോപ്പിൽ കോളനി റോഡ് കോൺക്രീറ്റ്, സൈഡ് വാൾ, കൾവർട്ട് നിർമ്മാണം | 239/19 | 2018-19 | തനത് ഫണ്ട് 620775/- | --------- |

ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാങ്ങി പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് അയച്ചുതരേണ്ടതാണ്.

## **3-12** ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതിയിൽ അപാകതകൾ-**8374445/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. പ്രോജക്ട്-അനുപൂരക പോഷകാഹാര വിതരണം (നം.153/18)
അടങ്കൽ -65,00,000/- രൂപ
ചെലവ്-64,20,470/- രൂപ

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ നിലനിൽക്കുന്നു

എ) ട്രഷറി ചെക്ക് നം.237965/28-3-18, 310956/28-3-18 എന്നിവ പ്രകാരം തൃക്കോവിൽവട്ടം ക്ഷീരോൽപാദക സഹകരണസംഘത്തിന് ചരക്ക്കൂലി ഉൾപ്പടെ ഒരു ലിറ്റർ പാലിന് 54/-രൂപ എന്ന നിരക്കിൽ യഥാക്രമം 80,249/-, 8,869/- രൂപ എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ, ക്വട്ടേഷൻഎന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബി) ട്രഷറി ചെക്ക് നം.3101955/28-3-18,310956 /28-3-18 എന്നിവ പ്രകാരം 5,71,342/- രൂപ , 19-3-18ൽ ബിൽ നം.0201203 പ്രകാരം ലഭിച്ച സാധനങ്ങൾക്ക് സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഈ ബിൽ പ്രകാരം കേര കോക്കനട്ട് ഓയിൽ 765 പാക്കേറ്റും, പൊട്ടുകടല 250 കി.ഗ്രാമും അങ്കണവാടികളിൽ ഇറക്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം യഥാക്രമം കേര കോക്കനട്ട് ഓയിൽ 615 പാക്കറ്റും, പൊട്ടുകടല 360കി.ഗ്രാമും ആണ് ഇറക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/28.7.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകത പരിഹരിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ നൽകിയ 64,20,470/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ

പദ്ധതി നം.166/18
ചെലവഴിച്ച തുക (വികസന ഫണ്ട് ) 2,64,480/-രൂപ-ബിൽ നം.13/31-3-18)

നീൽകമൽ കമ്പിനിയുടെ ആപ്പിൾ ജൂനിയേഴ്സ് സെറ്റ് മേശയും കസേരയും വാങ്ങി അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതായിരുന്നു പദ്ധതി. ഇൻവോയിസ് നം.870/26-3-18 പ്രകാരം 1,520/-രൂപയ്ക്ക് 174 മേശയും കസേരയും വാങ്ങി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 173 എണ്ണം മാത്രമാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/28.7.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിന് രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ രേഖകൾ പ്രകാരം കുറവുള്ള ഒരു മേശയുടെയും കസേരയുടെയും വില 1,520/- രൂപയുടെ ചെലവു നിരാകരിക്കുന്നു. ബാക്കി 2,62,960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക തിരികെയൊടുക്കേണ്ടതും, തടസ്സം രേഖകൾ ഹാജരാക്കി ഒഴിവാക്കേണ്ടതുമാണ്.

3)അങ്കണവാടിപ്രവർത്തകർക്ക് വർദ്ധിപ്പിച്ച ഹോണറേറിയം നൽകിയത്- ആവശ്യമായ രേഖകളില്ല.
പദ്ധതി നം. 161/18
ചെലവഴിച്ച തുക (വികസന ഫണ്ട് ) – 16,89,495/-രൂപ (ബിൽ നം.1/26-08-17, 947495/- ബിൽ നം.7/5-03-18 , 529000/- ബിൽ നം.9/31-03-18, 213000)

അങ്കണവാടി പ്രവർത്തകരുടെ ഹാജർ വിവരം, ഹോണറേറിയം നൽകിയ മാസങ്ങളുടെ വിവരം, ഹോണറേറിയം അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ – അപാകത കണക്കാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധയ്ക്ക് ലഭിച്ചില്ല. അപാകത പരിഹരിക്കുന്നതിന് രേഖകൾ ഹാജരാക്കി ട്ടില്ലാത്തതിനാൽ ഈയിനത്തിൽ നൽകിയ 16,89,495/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/28.7.2018-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട കൃത്യമായ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.24/28.7.2018

## 3-13 ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ മൂലം 9,19,866/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണം | പ്രോജക്ട് | ഫണ്ട് വകയിരുത്തൽ | ബിൽ നം /തുക |
|---|---|---|---|
| പി.എച്ച്.സി മെഡിക്കലോഫീസർ | ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ (ജനറൽ)202/18 | വി.ഫ-6,00,000 തനത് -25,000 | 9/17-18 തീയതി28-03-18 5,94,690 |
| പി.എച്ച്.സി മെഡിക്കലോഫീസർ | ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ (എസ്.സി)203/18 | വി.ഫ -3,75,000 തനത് -12,000 | 8/17-18 തീയതി28-03-18 3,25,176 |

ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ (ജനറൽ)പദ്ധതിയുടെ ഭാഗമായി 9 പേർക്കും ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ (എസ്.സി) പദ്ധതിയുടെ ഭാഗമായി 5 പേർക്കും ആനുകൂല്യവിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചില അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ട്രൈസ്കൂട്ടർ നൽകുവാൻ മെഡിക്കൽ ക്യാമ്പ് നടത്തുന്നത് അപേക്ഷകർ ഹാജരാക്കുന്ന സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട ഡോക്ടർമാരുടെ പരിശോധാസാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ അർഹത ഉറപ്പുവരുത്തുവാനാണ്. സ്പെഷ്യലിസ്റ്റ് മെഡിക്കലോഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക്ക് എഞ്ചിനീയർ , ഓഡിയോളജിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന ഒരു സംഘത്തെ ഉൾപ്പെടുത്തിയാണ് മെഡിക്കൽ ക്യാമ്പ് നടത്തേണ്ടത് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൊല്ലം ജില്ല, കുണ്ടറ, കൊട്ടാരക്കര എന്നീ താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സാഹചര്യം ഉണ്ടായിരിക്കെ തിരുവനന്തപുരത്ത് നിന്ന് ഡോ.കോശി ജേക്കബിനെ

കൊണ്ട് വന്ന് ക്യാമ്പ് നടത്തുകയും ഓണറേറിയം വാഹന വാടക ഇനങ്ങളിലായി 4,000/-രൂപ അദ്ദേഹത്തിന് നൽകുകയും ചെയ്തിരിക്കുന്നു. മാത്രമല്ല മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ ഹാജർ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ മേൽ വാഹനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് പരിശോധയ്ക്ക് ഹാജരാക്കികൊള്ളാം എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

മേൽ പരാമർശിത അപാകതകൾ നിലനിൽക്കുന്നതിനാൽ 9,19,866/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
(ഓഡിറ്റന്വേഷണം നം.15/17-18 തീയതി.26-07-18)

## 3-14 മരുന്നു വിതരണ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് | ഇൻവോയ്സ് നം | ബിൽ നം./ തുക | ലഭിച്ച മരുന്ന് തുക | ലഭിക്കാനുള്ള മരുന്ന് തുക |
|---|---|---|---|---|---|
| മെഡിക്കലോഫീസർ അലോപ്പതി | പി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ (195/18) | പി.ആർ.എഫ്. 1798 31-10-17 KMSCL | 2/17-18 /24-02-18 2,00,000 | - | 2,00,000 |
| മെഡിക്കലോഫീസർ അലോപ്പതി | പാലിയേറ്റീവ് കെയർ(194/18) | പി.ആർ.എഫ്. 1796 31-10-17 KMSCL | 3/17-18 /.24-02-18 4,00,000 | - | 4,00,000 |
| മെഡിക്കലോഫീസർ | പാലിയേറ്റീവ് കെയർ(194/18) | പി.ആർ.എഫ്. 5489 | 6/17-18 /28-03-18 | - | 87,000 |

| | | | | | |
|---|---|---|---|---|---|
| അലോപ്പതി | | 26-03-18 KMSCL | 87,000 | | |
| ഹോമിയോ മെഡിക്ക ലോഫീസർ | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (196/18) | പി.എഫ്.89 തീയതി.08-8-17 ഹോംകോ | 1/17-18 /19-09-17 2,50,000 | 1,28,765 | 1,21,235 |
| ആയൂർവേദ മെഡിക്ക ലോഫീസർ | ആയൂർവേദ ഡിസ്പെൻ സറിക്ക് മരുന്ന വാങ്ങൽ (17/18) | 31772 തീയതി .3-10-17 ഔഷധി | 1/17-18 / 23-10-17 400000 | 387014 | 12986 |
| | | | | | |

പി.എച്ച്.സി മെഡിക്കലോഫീസർ നടത്തിയ മരുന്ന വാങ്ങലുകൾക്ക് ജില്ലാമെഡിക്കലോഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.15/17-18/27-07-18)എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന വിവരം അറിയില്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും അറിയിച്ചിരിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.
ഈ വിഷയം സംബന്ധിച്ച് ഹോമിയോമെഡിക്കലോഫീസർക്ക് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.21/17-18, തീയതി.27-07-18)എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് ആയൂർവേദ മെഡിക്ക ലോഫീസർക്ക് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.2/17-18, തീയതി.23-07-18) എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന്

മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-15 മഴക്കാലപൂർവ്വശുചീകരണത്തിനായി നൽകിയ മുൻകൂർ നാളിതു വരെ ചെലവഴിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെക്ക് നം . 043597 തീയതി. 7-07-17 മുഖേന 1,19,600/-രൂപ സെക്രട്ടറി പി.എച്ച്.സി മെഡിക്കലോഫീസർക്ക് നൽകിയിട്ടുണ്ട്. മെഡിക്കലോഫീസർ ടി തുക 23 വാർഡിലെയും കൺവീനർമാർക്ക് 5200/-രൂപ വീതം നൽകിയതിൽ (എല്ലാ അക്കൗണ്ടുകളിലും 4-08-17ൽ 5200/-രൂപ വരവ് വന്നിട്ടുണ്ട്) താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | അക്കൗണ്ട് നം | ചെലവഴിക്കാത്ത തുക |
|---|---|---|
| I | 999101072391 | 5200 |
| XVII | 72264 | 200 |
| XXI | 72225 | 5200 |
| XXIII | 999101071215 | 5200 |

പ്രത്യേക ആവശ്യത്തിനായി നൽകിയ മേൽ തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

അപാകതയിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതും മുൻകൂർ കൈപ്പറ്റിയ തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/17-18 /27.07.2018)

## 3-16 എസ്.എൽ.ഐ വിഹിതം കുറവായി അടവാക്കി

താഴെ പറയുന്ന ജീവനക്കാർ ജി.ഒ(പി)149/16ഫിൻ തീയതി. 4-10-16ഉത്തരവിൻ പ്രകാരമുള്ള എസ്.എൽ.ഐ വിഹിതം ഒടുക്കു വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | അടവാക്കിയത് | അടവാക്കേണ്ടത് |
|---|---|---|---|
| പ്രമോദ് ആനന്ദ് സദാനന്ദൻ , ജൂനിയർ സൂപ്രണ്ട് | 41500 | 300 | 500 |
| പി.ശോഭന അസി.സെക്രട്ടറി | 40500 | - | 500 |
| സുരേഷ് കുമാർ അക്കൗണ്ടന്റ് | 33100 | 250 | 300 |

ഇപ്രകാരം കുറവായി വിഹിതം ഒടുക്കു വരുത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ടി ജീവനക്കാരുടെ എൽ.പി.സി. പ്രകാരമാണ് റിക്കവറികൾ നടത്തിയിട്ടുള്ളതെന്നും ഇപ്പോൾ സ്ഥലം മാറി പോയിട്ടുള്ളതാണെന്നും വർദ്ധിപ്പിച്ച നിരക്കിൽ പ്രീമിയം തുടർന്ന് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം..6/17-18 തീയതി.24.07.18)

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | 153/17-18 അനുപൂരകം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8,96,540 | 207/17-18 ക്ഷീരസംഘം സബ്സിഡി | 8,96,540 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | 64/17-18 ബയോഗ്യാസ് | 10,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,29,098 | 137/17-18 നെൽക്കൃഷി | 1,29,098 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | 163/17-18 ഭിന്നശേഷി സ്കോളർഷിപ്പ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,50,000 | 162/17-18 റോഡ് പ്രവൃത്തി | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,50,000 | 164/17-18 റോഡ് പ്രവൃത്തി | 2,49,003 | 997 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,50,000 | 173/17-18 റോഡ് പ്രവൃത്തി | 2,49,254 | 746 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,50,000 | 192/17-18 റോഡ് പ്രവൃത്തി | 0 | 3,50,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 9,00,000 | 153/17-18 അനുപൂരകം | 9,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | 201/17-18 ക്ഷീരസംഘം സബ്സിഡി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,29,098 | 137/17-18 നെൽക്കൃഷി | 1,29,098 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,97,500 | 163/17-18 ഭിന്നശേഷി സ്കോളർഷിപ്പ് | 2,97,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,54,511 | യന്ത്രങ്ങൾ വാങ്ങൽ | 0 | 1,54,511 |
| ആകെ | | 51,06,747 | | 46,00,493 | 5,06,254 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 522/2010 /തസ്വഭവ. തീയതി 17.02.2010 | 2,62,50,000 | 27,97,674 | 27,97,674 | - | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 66,095 |
| തൻവർഷം നിക്ഷേപിച്ച തുക | 1,03,68,460 |
| ആകെ | 1,04,34,555 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,04,34,555 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | | | | |
| 1. | തൃക്കോവിൽവട്ടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 21.3.2018 | | 52,00,000 | |
| 2. | കേരള ഗ്രാമീൺ ബാങ്ക് | 29.3.2018 | | 51,68,460 | |
| 3. | ഷെയർ സർട്ടിഫിക്കറ്റ് | | | 66,095 | |
| ആകെ | | | | 1,04,34,555 | |

( പ്രത്യേക ഖണ്ഡിക നം.2-1 കാണുക)

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 185309977 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 152346970 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9582860 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12-2 | ---- | 1,520 | പുഷ്പലത.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 528324 | ഡോ.ജിനി ആനന്ദ്, വെറ്റിനറിസർജൻ |
| 3-7 | 60225 | റജീന ജേക്കബ്, കൃഷിഓഫീസർ |
| 3-12 | 8374445 | പുഷ്പലത.എസ് ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | 919866 | ഡോ.കോളിൻ.ബി. ഫെർണാണ്ടസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജിനി ആനന്ദ്, വെറ്റിനറി സർജൻ | ----- | പുലരി , മയ്യനാട്(പി.ഒ.), കൊല്ലം. |
| ഡോ.കോളിൻ.ബി. ഫെർണാണ്ടസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ----- | അഞ്ജലി ഡെയിൽ, പോളയത്തോട്(പി.ഒ.), കൊല്ലം. |
| റജീന ജേക്കബ്, കൃഷിഓഫീസർ | ----- | ഫെയർവ്യൂ, ആലാട്ടുകാവ് നഗർ, (184ബി), കാവനാട്(പി.ഓ.), കൊല്ലം. |
| പുഷ്പലത.എസ് , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ---- | നന്ദനം, തറവാട് ജംഗ്ഷൻ, തഴുത്തല(പി.ഓ.), കൊട്ടിയം, |

| | | |
|---|---|---|
| | | കൊല്ലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 1997-98 | ; | 1 |
| 1998-99 | ; | 3 |
| 1999-00 | ; | 3 |
| 2000-01 | ; | 7 |
| 2001-02 | ; | 7 |
| 2002-03 | ; | 3 |
| 2003-04 | ; | 9 |
| 2004-05 | | 6 |
| 2005-06 | | 6 |
| 2006-07 | എൽ.എഫ്.ക്യൂ.പി7-1199(16)/14;13.06.2014 | അവസാന ഫർദർ റിപ്പോർട്ട് ശ്രദ്ധിക്കേണ്ടതാണ് |
| 2007-08 | എൽ.എഫ്.ക്യൂ.പി7-1199(17)/14;13.06.2014 | ; |
| 2008-09 | ;എൽ.എഫ്.ക്യൂ.പി7-1199(18)/14;13.06.2014 | ; |
| 2009-10 | എൽ.എഫ്.ക്യൂ.പി7-1199(19)/14;13.06.2014 | ; |
| 2010-11 | എൽ.എഫ്.ക്യൂ.പി7-1199(20)/14;13.06.2014 | ; |
| 2011-12 | എൽ.എഫ്.ക്യൂ.പി7-1947/12;27.02.2013 | ; |
| 2012-13 | എൽ.എഫ്.ക്യൂ.പി7-365/15;22.04.2015 | ; |
| 2013-14&2014-15 | എൽ.എഫ്.ക്യൂ.പി7-1574/15;19.10.2015 | ; |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.8-1797/16; | ; |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7-1727/17;20.10.17 | ; |

*ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം - പി.7/1452/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി – 05/12/2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം